**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1291

10.08.2017- ൽ മറുപടിയ്ക്ക്

**കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ ഭൂമി**

| ചോദ്യം<br>**ശ്രീ.ബി.ഡി.ദേവസ്സി** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചു വന്നിരുന്ന കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് (ആദ്യം മധുരാകോട്സ്) കമ്പനി അടച്ചു പൂട്ടി, പ്രവർത്തനം അവസാനിപ്പിച്ച്,ലിക്വിഡേറ്ററുടെ നടപടികൾക്കു കീഴിലായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലം തിരിച്ചു പിടിക്കുന്നതിനും, കൊരട്ടി ഗ്രാമപഞ്ചായത്തിന്റെയടക്കം മറ്റു വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | കൊരട്ടി വൈഗ ത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിന്റെ കൈവശത്തിലിരിക്കുന്ന 30.57 ഏക്കർ പാട്ടഭൂമി തിരിച്ചുപിടിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം കൊരട്ടി ഗ്രാമ പഞ്ചായത്തിന്റെ അടക്കം മറ്റ് വികസന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ജില്ലാ കളക്ടറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്. |
| ബി) പ്രസ്തുത കമ്പനിയുടെ പേരിൽ പട്ടയം ലഭിച്ചതും, ചാലക്കുടി പുഴയോട് ചേർന്ന്, മുരിങ്ങൂർ-വടക്കുംമുറി വില്ലേജിൽ സർവ്വേ 72/1 ൽ പ്പെട്ട 64 സെന്റ് വരുന്നതും കമ്പനിയിലേക്കുള്ള മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിച്ചിരുന്നതുമായ സ്ഥലം ഏറ്റെടുക്കുന്നതിനും, കൊരട്ടി പഞ്ചായത്തിനായി ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥലവും സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ? | (ബി) | മുരിങ്ങൂർ വടക്കുമുറി വില്ലേജ് സർവ്വെ 72/1 ൽ 64 സെന്റ് (0.2590 ഹെക്ടർ) ഭൂമി ജെ & പി കോട്ട്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് കൊരട്ടി, പേരിൽ ഉള്ളതാണ്. സ്പെഷ്യൽ ഒന്നാം നമ്പർ പട്ടയ പ്രകാരം കൊടുത്ത ടി ഭൂമി സർക്കാർ പുറമ്പോക്കായിരുന്നു. ടി ഭൂമിയ്ക്ക് നികുതി അടച്ചു വരുന്നില്ല. വൈഗ ത്രഡ്സിന് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളതായി വില്ലേജ് രേഖകൾ പ്രകാരം കാണുന്നില്ല |

Indu.G.S

**സെക്ഷൻ ഓഫീസർ**